LIBRARY ARCHIVES Kerala Legislative Assembly

സ്ഥലം ഉപയുക്തമാക്കുന്നതോടൊപ്പം അംഗങ്ങളുടെ കാർഷികവൃത്തിക്കുകൂടി അനുയോജ്യമായ സ്ഥലത്ത് മാതൃകാപരമായ പാർപ്പിടം നിർമ്മിച്ച് നൽകി കാർഷികമേഖലയെക്കൂടി പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള പദ്ധതികൾക്ക് രൂപം നൽകുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഇതിനുള്ള ധനസഹായം പ്രധാനമായും ഓഹരി മൂലധനം, അംഗങ്ങളുടെ നിക്ഷേപം എന്നിവ വഴിയാണ് സംഘം കണ്ടെത്തുന്നത്. സംഘം പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) "മാങ്കാവ് ഗ്രീൻസ്" നിർമ്മാണത്തിനായി കോഴിക്കോട് ജില്ലയിലെ മാങ്കാവിൽ 60 സെന്റ് സ്ഥലം സ്വന്തമായി വാങ്ങി അവിടെ 49 അപ്പാർട്ട്മെന്റുകളുള്ള സമുച്ചയത്തിന്റെ നിർമ്മാണം അതിവേഗം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. മലപ്പുറം ജില്ലയിലെ മഞ്ചേരി പട്ടണത്തിന്റെ ഹൃദയഭാഗത്ത് ഇന്ത്യൻ മാളിന്റെ നിർമ്മാണത്തിനായി 80 സെന്റ് സ്ഥലം വാങ്ങി നിർമ്മാണ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. തിരുവനന്തപുരത്ത് പാങ്ങപ്പാറയിൽ നാഷണൽ ഹൈവേയോട് ചേർന്ന് രണ്ട് ഏക്കർ സ്ഥലം സംഘം വാങ്ങി രജിസ്ട്രേഷൻ നടപടികൾ നടന്നുകൊണ്ടി രിക്കുകയാണ്.

ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ

15 (*765) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. റ്റി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതി നടത്തിപ്പിനായി കേന്ദ്ര ഏജൻസികളുടെ സഹായം തേടിയിട്ടുണ്ടോ : വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിലൂടെ എത്രമാത്രം വൈദ്യുതി ലാഭിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി വഴി മെച്ചപ്പെട്ട ഊർജ്ജക്ഷമതയും പ്രകാശവും കൈവരിക്കാനാവും. അതുപോലെ സി.എഫ്.എൽ.-കളിലും ട്യൂബുലൈറ്റുകളിലും കാണപ്പെടുന്ന ദോഷകരമായ മെർക്കുറിയുടെ അളവ് എൽ.ഇ.ഡി. ബൾബുകളിൽ തീരെയില്ലെന്ന മേന്മയുമുണ്ട്.

(സി) പദ്ധതി നടത്തിപ്പിനായി M/s Energy Efficiency Service Ltd., (EESL) എന്ന ഒരു കേന്ദ്ര ഏജൻസിയുടെ സഹായം തേടുന്നതിനുള്ള ചർച്ചകൾ നടന്നിട്ടുണ്ട്.

(ഡി) പദ്ധതി നടപ്പിലായാൽ ഒരു ഉപഭോക്താവിന് രണ്ട് എൽ.ഇ.ഡി. ബൾബുകൾ എന്ന നിലയിൽ 75 ലക്ഷം ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ നൽകാനായാൽ 80 മില്യൻ യൂണിറ്റ് വൈദ്യുതി ലാഭിക്കാനാകുമെന്നാണ് കണക്കാക്കുന്നത്.

വൈദ്യുതി ലൈൻ പ്രവർത്തനങ്ങളിൽ നിന്ന് പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് പിൻമാറിയ നടപടി

16 (*766) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും 400 കെ.വി. ലൈൻ നിർമ്മാണ പ്രവർത്തനങ്ങളിൽ നിന്ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് പിന്മാറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ലൈനുമായി ബന്ധപ്പെട്ട് സ്ഥാപിച്ചിട്ടുള്ള സാധനസാമഗ്രികൾ തിരിച്ചെടുക്കാൻ അനുവാദം നൽകുന്നതിന് പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ കേന്ദ്ര റഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly